(ഡി) ട്രാഫിക് കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഹൈവേ പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപകടനിരക്ക് കൂടിയ ഹൈവേകളിൽ പുതിയ ഹൈവേ പട്രോൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഇ) ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനായി വളരെ ത്രീവ്രമായ പരിശോധനകളും മറ്റു നടപടികളും പോലീസ് വകുപ്പ് കൈക്കൊണ്ടുവരുന്നു. അപകടങ്ങൾക്ക് കാരണമാകുന്ന രീതിയിൽ വാഹനമോടിക്കുന്നവരെ കണ്ടെത്തി നടപടികളെടുക്കുവാനും ബോധവത്ക്കരണം നടത്തുവാനുമുള്ള കർശന നിർദ്ദേശം എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും/കമ്മീഷണർമാർക്കും നൽകിയിട്ടുണ്ട്.

ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിലെ തീപിടിത്തം

6 (*188) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ തീപിടിത്തമുണ്ടായ സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം നടത്തുന്നുണ്ടോ ;

(ബി) തീപിടിത്തത്തെത്തുടർന്ന്, കേസുകളുമായി ബന്ധപ്പെട്ട സാമ്പിളുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകളെ അതുബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ലാബിലെ സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തത പോലീസ് അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ടോ ; അട്ടിമറി സാധ്യതയ്ക്കുള്ള തെളിവുകളെന്തെങ്കിലും അന്വേഷണത്തിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ ഫോറൻസിക് ലാബിൽ ഉണ്ടായ സ്ഫോടന സംഭവവുമായി ഇതിനുള്ള സമാനതകളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഫോറൻസിക് ലാബിലെ സ്ഫോടനം സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങളിൽ ഇത്തരം സ്ഥാപനങ്ങളിൽ ഏർപ്പെടുത്തേണ്ട അത്യാവശ്യ സുരക്ഷാക്രമീകരണങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ കെമിക്കൽ എക്സാമിനേഷൻ ലാബിൽ അത്യുപകാരമുള്ള ക്രമീകരണങ്ങൾ ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) കേസുകളുമായി ബന്ധപ്പെട്ട തെളിവുകൾ ഇത്തരം സംഭവങ്ങളിലൂടെ നഷ്ടപ്പെടാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിരുന്നു എന്നും, ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ഉണ്ട്. കേസന്വേഷണം പൂർത്തിയായാൽ മാത്രമേ മറ്റ് വിവരങ്ങൾ വ്യക്തമാകുകയുള്ളൂ.

(ബി) ഉണ്ട്. മാസപരിശോധന കഴിഞ്ഞ് റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം അവശേഷിച്ച സാമ്പിളുകളിൽ ഒരു ഭാഗത്തിന് തീപിടിത്തത്തിൽ നാശനഷ്ടം സംഭവിച്ചു. പരിശോധന നടത്തുവാനുള്ള സാമ്പിളുകൾ ഈ മുറിയിൽ സൂക്ഷിച്ചിരുന്നില്ല. നാശനഷ്ടം സംഭവിച്ച കേസ്സുകളുടെ എണ്ണവും തിട്ടപ്പെടുത്തി വരുന്നു. പ്രധാനമായും അബ്കാരി കേസുകളിൽപ്പെട്ട പരിശോധന കഴിഞ്ഞ സാമ്പിളുകൾക്കാണ് നാശം സംഭവിച്ചത്. അബ്കാരി കേസുകളിലെ പരിശോധന കഴിഞ്ഞ ബാക്കി സാമ്പിളുകൾ കോടതിയിൽ കേസിന്റെ നടത്തിപ്പിന് സാധാരണ ആവശ്യമായിവരാത്തതിനാൽ, കേസിന്റെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കില്ല എന്ന വിലയിരുത്തലാണുള്ളത്.

(സി&ഡി) അന്വേഷണം നടത്തിവരുന്നതേയുള്ളൂ.

(ഇ) ഫോറൻസിക് ലാബിലെ സ്ഫോടനം സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മീഷൻ റിപ്പോർട്ട് കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ കെമിക്കൽ എക്സാമിനേഷൻ ലാബിൽ നടപ്പിലാക്കിയിട്ടില്ല.

(എഫ്) പരിശോധനയ്ക്കുള്ള തൊണ്ടി സാധനങ്ങളും, സാമ്പിളുകളും, പരിശോധന കഴിഞ്ഞ തൊണ്ടി സാധനങ്ങളും പ്രത്യേകം പ്രത്യേകം മുറികളിലാണ് പൂട്ടി സൂക്ഷിക്കുന്നത്. ലബോറട്ടറിയുടെ താഴത്തെ നിലയിലും ഒന്നാമത്തെ നിലയിലുമുള്ള ജനാലകളുടെ ചില്ലുപാളികൾക്ക് പകരം തടിയോ ലോഹമോ കൊണ്ടുള്ള പാളികൾ സ്ഥാപിക്കാൻ തീരുമാനിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ലബോറട്ടറിയിൽ 24 മണിക്കൂറും സായുധ പോലീസ് കാവൽ ഏർപ്പെടുത്തുന്നതിനുള്ള ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ലബോറട്ടറിയിലെ പഴയ ഇലക്ട്രിക് വയറിംഗ് മുഴുവൻമാറ്റി പുതിയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ദേശീയ മത്സ്യവികസന ബോർഡിൽ നിന്നുള്ള സഹായം

7 (*167) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖലയുടെ വികസനത്തിന് ദേശീയ മത്സ്യവികസന ബോർഡിൽ നിന്നും എത്ര കോടി രൂപയുടെ സഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly